പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 1400

22/03/2013 ൽ
മറുപടിക്ക്

## രാജാരവിവർമ്മ സ്മാരക നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. കെ.സി. ജോസഫ് (ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) രാജാ രവിവർമ്മ സ്മാരക നിർമ്മാണത്തിനായി ലളിത കലാ അക്കാദമി ഇത് വരെ എന്തു തുക ചെവഴിച്ചിട്ടുണ്ട്; | (എ) ഇതുവരെ 64,00,000/- രൂപ (അറുപത്തിനാല് ലക്ഷം രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | (ബി) പദ്ധതിയിൽ, രാജാ രവിവർമ്മ സാംസ്കാരിക സമുച്ചയത്തിന്റെ ചുറ്റുമതിൽ, പ്രവേശനകവാടം, ഓപ്പൺ എയർ തിയേറ്റർ, റെനവേഷൻ ജോലികൾ, പുറമെയുള്ള വൈദ്യുതീകരണം, സ്ട്രീറ്റ് ഫർണിച്ചർ, കുട്ടികളുടെ കളിസ്ഥലം, ലാൻഡ് സ്കേപ്പിംഗ് എന്നിവ കൂടാതെ ആർട്ട് ഗ്യാലറിയടക്കമുള്ള സാംസ്കാരിക സമുച്ചയം, 6 മണ്ഡപങ്ങൾ, ഫുഡ്കോർട്ട് ഓഡിറ്റോറിയം, ഇന്റേണൽ വാട്ടർ സപ്ലൈ & സാനിറ്ററി ഇൻസ്റ്റലേഷൻസ്, എക്സ്റ്റേണൽ സർവ്വീസ് കണക്ഷൻസ്, ഇന്റേണൽ ഇലക്ട്രിക് ഇൻസ്റ്റലേഷൻ, ലെവലിംഗ് സൈറ്റ്, ഇന്റേണൽ പാത്ത് വേയ്സ്, കാർ പാർക്കിംഗ്, സ്ട്രീറ്റ് ലൈറ്റിംഗ് മുതലായവ ഉൾപ്പെടുന്നു. |
| (സി) 2013-14 വർഷത്തെ പദ്ധതി യിൽ പ്രസ്തുത പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടോ; | (സി) 2013-14 വർഷത്തിൽ ഈ പദ്ധതിയിലെ ഒന്നാം ഘട്ടത്തിന്റെ പണി പൂർത്തിയാക്കിയ ശേഷം, ബാക്കി പദ്ധതികൾക്കായി തുക നീക്കി വെച്ചിട്ടുണ്ട്. |
| (ഡി) കേന്ദ്ര സഹായത്തിനായി നൽകിയിരുന്ന അപേക്ഷയി ന്മേൽ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ഡി) കേന്ദ്ര സഹായത്തിനായി കേന്ദ്ര സാംസ്കാരിക വകുപ്പ് സെക്രട്ടറിക്ക് അപേക്ഷ അയച്ചിരുന്നുവെങ്കിലും സ്വീകരിച്ച നടപടികൾ സംബന്ധിച്ച് അറിയിപ്പുകൾ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ